മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 18

# വാർത്താക്കുറിപ്പ് (3)

---

## അന്താരാഷ്ട്ര ദുരന്ത നിവാരണ ശില്പശാല ഇന്നു മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഗ്ലോബൽ അക്കാദമിക് കാർണിവലിന്റെ ഭാഗമായി സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസിൽ അഞ്ചാമത് അന്താരാഷ്ട്രാ ദിരന്ത നിവാരണ ശില്പശാലക്ക് ഇന്ന് ( ജനുവരി 19 ) തുടക്കം കുറിക്കും.

സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ സഹകരണത്തോടെ മഹാത്മാ ഗാന്ധി സർവകലാശാലയിലെ പരിസ്ഥിതി വകുപ്പും കേരള സർവകലാശാല ഭൂമിശാസ്ത്ര വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടി രാവിലെ 10 ന് വകുപ്പ് ആസ്ഥാനത്ത് വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും

പ്രോ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കെ.എസ്.ഡി.എം.എ മെമ്പർ സെക്രട്ടറി ഡോ. ശേഖർ ലൂക്കോസ് കുര്യാക്കോസ് മുഖ്യ പ്രഭാഷണം നടത്തും.

പ്രശസ്ത ഭൗമ ശാസ്ത്രജ്ഞൻ പ്രഫ. സി.പി. രാജേന്ദ്രൻ പ്ലീനറി പ്രഭാഷണം നടത്തും.

കാലവസ്ഥ വ്യതിയാനം, ദുരന്ത നിവാരണ മാർഗങ്ങൾ തുടങ്ങിയവയെക്കുറിച്ച് വിദഗർ സംസാരിക്കും.

ദേശീയ ദുരന്ത നിവാരണ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ദേശീയ ദുരന്ത നിവാരണ സേനയുടെയും പ്രധിനിതികൾ പങ്കെടുക്കും. ശില്പശാല 21 ന് സമാപിക്കും.

(പി.ആർ.ഒ./39/ 77/2023)

## പരീക്ഷാ കേന്ദ്രം

നാളെ(ജനുവരി 20) മുതൽ ആരംഭിക്കുന്ന മോഡൽ 1 ആന്വൽ സ്കീം ബി.എ, ബി.എസ്.സി പാർട്ട് 3 മെയിൻ പേപ്പറുകൾ (പൊളിറ്റിക്കൽ സയൻസ്, സൈക്കോളജി, ഇക്കണോമിക്സ്, ബോട്ടണി - അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ് - യു.ജി.സി സ്പോൺസേഡ് ആന്വൽ സ്കീം) പരീക്ഷകളുടെ പരീക്ഷാ കേന്ദ്രം സംബന്ധിച്ച വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാർഥികൾ തങ്ങളുടെ ബാൾടിക്കറ്റുകൾ പരീക്ഷാ കേന്ദ്രമായി അനുവദിച്ചിരിക്കുന്ന സെന്ററിൽ നിന്നും കൈപ്പറ്റി പരീക്ഷയ്ക്ക് ഹാജരാകണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/ 78/2023)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.വോക് ഇൻഡസ്ട്രിയൽ ഇൻസ്ട്രുമെന്റേഷൻ ആന്റ് ഓട്ടോമേഷൻ (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ - ജനുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി രണ്ടു മുതൽ നടത്തും. വിശദമായ ഷെഡ്യൂൾ വെബ്സൈറ്റിൽ.

...........................

മൂന്നാം സെമസ്റ്റർ ബി.വോക് ബ്രോഡ്കാസ്റ്റിംഗ് ആന്റ് ജേണലിസം (2020 അഡ്മിഷൻ റഗുലർ, 2019,2018 അഡ്മിഷനുകൾ റി-അപ്പിയറൻസും ഇംപ്രൂവ്മെന്റും - പുതിയ സ്കീം - ഓഗസ്റ്റ് 2022) പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ ജനുവരി 21 ന് നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

അഞ്ചാം സെമസ്റ്റർ ബി.എസ്.സി ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ് (സി.ബി.സി.എസ്. - 2020 അഡ്മിഷൻ റുഗലർ, 2017,2018,2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 25 ന് നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

2022 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് 1, ബി.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് 1, ബി.എസ്.സി കെമിസ്ട്രി മോഡൽ 3 പീരിയോഡിക്കൽസ്, ബി.എസ്.സി സുവോളജി മോഡൽ 3 ഇൻഡസ്ട്രിയൽ മൈക്രോബയോളജി, ബി.എസ്.സി മോഡൽ 3 ഇലക്ട്രോണിക് എക്വിപ്മെന്റ് മെയിന്റനൻസ് പരീക്ഷയുടെ സോഫ്റ്റ്വെയർ ലാബ് 1 പ്രാക്ടിക്കൽ പരീക്ഷ ജനുവരി 23 ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/ 79/2023)

## പരീക്ഷാ ഫലം

ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി (ഓണേഴ്സ് - 2017 അഡ്മിഷൻ റഗുലർ, 2016 അഡ്മിഷൻ സപ്ലിമെന്ററി - ഒക്ടോബർ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി രണ്ടു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/ 80/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**